ശ്രീ. കെ. കുഞ്ഞമ്പു: പേരാംപ്രയിലെ ഈ കോളനി അനുവദിക്കപ്പെട്ടതു് 1958-ലാണു്. 625 രൂപ മാത്രമാണു് ഒരു ഭവനത്തിനു് അനുവദിച്ചിരുന്നതു്. ഈ സംഖ്യകൊണ്ടു വീട് പൂർത്തിയാക്കാൻ സാധിക്കുകയില്ലന്നു പിന്നീടു് കള ക്ടറുടെ റിപ്പോർട്ടു വന്നു. അതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡു് എസ്റ്റിമേറ്റു് തയ്യാറാക്കിയതു് അനുവദിച്ചു കൊടുത്തിട്ടുണ്ടു്. പക്ഷേ സാധന സാമഗ്രികളും കൊണ്ടുപോകുന്നതിനു് റോഡിന്റെ അഭാവംകൊണ്ടു് താമസം വന്നു. അതു പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ഓ. കോരൻ: സഹകാരിസംഘങ്ങൾക്കു് ഭവനനിർമ്മാണത്തിനുള്ള സംഖ്യ ഉപയോഗപ്പെടുത്തുന്നതിനു് കാലതാമസം വരുത്താതെ നടപടിയെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു : സഹകാരിസംഘങ്ങൾ 50 ശതമാനം സ്വന്തമായി ചെലവുചെയ്യണമെന്ന വ്യവസ്ഥയുണ്ടു്. എന്നാൽ മാത്രമെ, സെൻട്രൽഗവണ്മെന്റു് ആ സംഖ്യ ചെലവു ചെയ്യുകയുള്ളു, അങ്ങിനെയൊരു വിഷമമുണ്ടു്. ഈ കാര്യം പല മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളുമായി ആലോചിച്ചു് വേണ്ടതു ചെയ്യുവാൻ നടപടിയെടുത്തിട്ടുണ്ടു്.

അക്വയർ ചെയ്യുന്ന സ്ഥലത്തിന്റെ കാമ്പൻസേഷൻ

*981. [20] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെവി ഇലക്ട്രിക്കൽസ് ആൻഡ് ട്രാൻസ്ഫാമേഴ്സിനു വേണ്ടി അങ്കമാലിയിൽ അക്വയർ ചെയ്യുന്നതിനു് നോട്ടിഫൈ ചെയ്തിരിക്കുന്ന എകദേശം 200 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥന്മാർക്കു് കാമ്പൻസേഷൻ ഇതേവരെ കൊടുക്കാത്തതിന്റെ കാരണമെന്താണു്:

(ബി) വസ്തു ഉടമസ്ഥന്മാർക്കു് വില കൊടുക്കുന്നതിനു് ഇനിയെങ്കിലും സത്വരനടപടികളും എടുക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) അങ്കമാലി ഹെവി ട്രാൻസ്ഫാമേഴ്സിനു് വേണ്ടി പൊന്നും വിലയ്ക്കെടുക്കാൻ നോട്ടിഫൈ ചെയ്തിരുന്ന 238 ഏക്കർ 47 സെൻറിൽ, 61 ഏക്കർ 91 സെൻറിന്റെ നടപടി പൂർത്തിയാക്കി പണം കൊടുത്തിട്ടുണ്ടു്. ബാക്കി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കയാണു് നടപടികളും ഏറെത്താമസിയാതെ പൂർത്തിയാകും.

(ബി) നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി : അടുത്ത സാമ്പത്തികവർഷമെങ്കിലും പണം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതാണു ഗവണ്മെൻറിന്റെ ഉദ്ദേശം.

തടഞ്ഞുവച്ച പരീക്ഷാഫലം.

*982. [21] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പബ്ലിക്കു് പരീക്ഷയ്ക്കു് എഴുതിയ കുട്ടികളുടെ റിസൾട്ടു് തടഞ്ഞുവച്ചാൽ അതിന്റെ കാരണം അറിയിക്കുന്ന പതിവുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly